പതിമൂന്നാം കേരള നിയമ സഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 374 — 27.6.2012 ൽ മറുപടിക്ക്

## മരുന്നുകളുടെ ഗുണനിലവാര പരിശോധനയിലെ വീഴ്ച

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>ശ്രീ. കെ. കെ. ജയചന്ദ്രൻ :<br>ശ്രീ. കെ. ദാസൻ :<br>ശ്രീ. എം. ഹംസ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും<br>വകുപ്പ് മന്ത്രി) |
| (എ) ഗുണനിലവാരമില്ലാത്ത മരുന്നുകളും വ്യാജമരുന്നുകളും സംസ്ഥാനത്തെ വിപണിയിൽ സുലഭമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അപൂർവ്വം ചില സംഭവങ്ങൾ മാത്രം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) മരുന്നുഗുണനിലവാരപരിശോധനയിൽ സംസ്ഥാനത്ത് വൻ വീഴ്ചയുണ്ടായെന്ന ഫാർമസി കൗൺസിലിന്റെ പ്രസ്താവന പരിശോധിച്ചിരുന്നോ; | (ബി) മരുന്നു ഗുണനിലവാര പരിശോധനയിൽ സംസ്ഥാനത്ത് വൻവീഴ്ചയു ണ്ടായെന്ന ഫാർമസി കൗൺസിലിന്റെ പ്രസ്താവന പരാമർശിച്ചിട്ടുള്ള പത്രമാധ്യമങ്ങൾ ശ്രദ്ധയിൽപ്പെടുകയും ആയതിന്റെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണത്തിൽ ഫാർമസി കൗൺസിൽ അംഗങ്ങൾ അത്തരത്തിൽ പ്രസ്താവനകൾ നടത്തിയിട്ടില്ല എന്നും ഇത് മാധ്യമങ്ങളുടെ സൃഷ്ടിയാണെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്. |
| (സി) പ്രസ്തുത മരുന്നുകളുടെ വിപണനം തടയാൻ സർക്കാർ എന്തൊക്കെ നടപടികളാണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ ? | (സി) മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനായി ഡ്രഗ്സ് കൺട്രോൾ വകുപ്പിന്റെ കീഴിൽ ഒരു ഇന്റലിജൻസ് വിഭാഗം തന്നെ പ്രവർത്തിക്കുന്നുണ്ട്. ഈ വിഭാഗത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലങ്ങളിലും ഇന്റലിജൻസ് ബ്രാഞ്ച് ഡ്രഗ്സ് ഇൻസ്പെക്ടർമാരും ജില്ലാ ഡ്രഗ്സ് ഇൻസ്പെക്ടർമാരും സംശയാസ്പദമായ മരുന്നുകൾ, നിരോധിക്കപ്പെട്ട മരുന്നുകൾ, വ്യാജ മരുന്നുകൾ എന്നിവയുടെ വിപണനം തടയുന്നതിനായി നടപടികൾ സ്വീകരിക്കുന്നു ണ്ട്. അത്തരം മരുന്നുകൾ ശ്രദ്ധയിൽപ്പെട്ടാൽ വിൽപ്പന നിർത്തിവച്ചുകൊ ണ്ട് അവയുടെ സാമ്പിളുകൾ ഗുണനിലവാര പരിശോധനക്കായി |

തിരുവനന്തപുരം ഡ്രഗ്സ് ടെസ്റ്റിംഗ് ലാബിൽ അയക്കുന്നുണ്ട്. ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകൾ കമ്പോളത്തിൽ നിന്നും പിൻവലിക്കുകയും നിർമ്മാതാക്കൾക്കെതിരെ കാരണം കാണിക്കൽ നോട്ടീസ് നൽകി വകുപ്പുതല നടപടികളും കമ്പോളത്തിൽ നിന്നും പ്രസ്തുത മരുന്നുകൾ പിൻവലിക്കുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്.

സംസ്ഥാനത്ത് വിതരണം നടത്തുന്ന മരുന്നുകളുടെ ഗുണനിലവാരം ഉറപ്പുവരുത്തുവാൻ ഡ്രഗ്സ് കൺട്രോൾ ഉദ്യോഗസ്ഥർ ചട്ടപ്രകാരം, ആശുപത്രികൾ (Govt., Private, PHC, ESI Hospitals) മൊത്തവ്യാപാരികൾ, ചില്ലറവ്യാപാരികൾ, C&F, Depot. തുടങ്ങിയ സ്ഥലങ്ങളിൽ നിന്ന് മരുന്നുകളുടെ Random സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് എടുക്കുകയും ഇവ സംസ്ഥാന ഡ്രഗ്സ് ടെസ്റ്റിംഗ് ലാബുകളിൽ നിയമപരമായ ടെസ്റ്റുകൾക്ക് വിധേയമാക്കി ഗുണനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നുണ്ട്. 1 വർഷം ശരാശരി 4000 ത്തോളം മരുന്നുകൾ ഇപ്രകാരം ടെസ്റ്റ് ചെയ്യുന്നുണ്ട്.

സെക്ഷൻ ഓഫീസർ